## പാഠം 29

# സമാഗമനകൂടാരം

**വേദഭാഗം** : പുറ. 25, 38 അദ്ധ്യായങ്ങൾ

**തങ്കവാക്യം** : സങ്കീ. 84:1

*സൈന്യങ്ങളുടെ യഹോവേ തിരുനിവാസം എത്ര മനോഹരം*

### പാഠം

### പുറപ്പാട്25 – 38 അദ്ധ്യായങ്ങൾ

ആരാധനയ്ക്കായി മിസ്രയിമിൽ നിന്നും പുറപ്പെടുവിച്ച ജനം മരുഭൂമിയിൽ എത്തി അവർക്കു ആരാധിപ്പാനും ആരാധകരോടു കൂടി ദൈവത്തിനു വസിപ്പാനും ഒരു പ്രത്യേക ക്രമീകരണം ഉണ്ടാക്കുവാൻ ദൈവം മോശെയോടു കല്പിച്ചു. അതനുസരിച്ച് അനേകം ആളുകൾ അക്ഷീണം പരിശ്രമിച്ചതിന്റെ ഫലമായിട്ടാണ് സമാഗമനകൂടാരവും അ തിന്റെ ഉപകരണങ്ങളും പൂർത്തിയായത്. സ്വർണ്ണം, വെള്ളി, താമ്രം മുതലായ ലോഹങ്ങളും മരം, തുണി, തോല്, നൂല് ആദിയായ വിവിധ വസ്തുക്കളും ഉപയോഗിച്ചാണ് ഇതിന്റെ പണി ഭംഗിയായി നിർവ്വഹിച്ചത്. സമാഗമന കൂടാരത്തെ മൂന്നു പ്രധാന ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അവയെ പ്രാകാരം, വിശുദ്ധ സ്ഥലം, അതി വിശുദ്ധസ്ഥലം എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു, ഈ ഭാഗങ്ങളിലെല്ലാം പ്രത്യേക ഉപകരണങ്ങൾ ഉണ്ട്.

### ഒന്നാംഭാഗം പ്രാകാരം

വിശുദ്ധസ്ഥലത്തിന്റെയും അതിവിശുദ്ധസ്ഥലത്തിന്റെയും ചുറ്റുമുള്ള വിശാലമായ മുറ്റമാണ്

**ഫോക്കസ് / FOCUS**

**ദൈവം നമ്മോടുകൂടെ വസിപ്പാൻ ആഗ്രഹിക്കുന്നു. നമുക്ക് കർത്താവിനോടൊപ്പം വസിക്കാം**

**God wants to live with us, let us abide in the Lord.**

## Lesson 29

# THE TABERNACLE

**Scripture** : Exodus 25& 38 Chapters

**Memory Verse** : Psalm 84:1

*How lovely is your dwelling place, O Lord Almighty!*

### Lesson

The people were delivered from Egypt to worship God and they came to the wilderness. God commanded Moses to make a special arrangement to worship God as he dwells among the worshippers. As a result, the tabernacle was constructed due to the tireless efforts of many people. Metals like gold, silver, brass and wood, cloth, skin, thread etc were used to finish the work beautifully. The tabernacle is divided into three parts: courtyard, holy place, and most holy place. There are special instruments in all the three places.

### The first part: Courtyard

The expansive yard around the holy place and most holy place is called the courtyard. It is 100 cubits long and 50 cubits in breadth (1 cubit = 1.5 feet). The courtyard is separated from the outside by the blue curtain hanging on the pillars. This stands towards the east. On the east side is the door constructed. The worshipping people gather in the courtyard and give their materials for the sacrifices

പ്രാകാരം. ഇതിന് 100 മുഴം നീളവും 50 മുഴം വീതിയും ഉണ്ട്.(1 മുഴം=1.5 അടി)ബാഹ്യലോകത്തുനിന്നും തൂണുകളിൽ പിടിപ്പിച്ചിരുന്ന നീല മറകളാൽ പ്രാകാരം വേർതിരിക്കപ്പെട്ടിരുന്നു. ഇത് കിഴക്കോട്ട് ദർശനമായി നില്ക്കുന്നു. കിഴക്കു ഭാഗത്ത് ഇതിന് വാതിൽ മറയുണ്ട്. ആരാധകരായ സാധാരണ ജനങ്ങൾ പ്രാകാരത്തിൽ സമ്മേളിച്ച് തങ്ങളുടെ ആരാധനാ വസ്തുക്കളെ പുരോഹിതനെ ഏല്പിക്കുന്നു. പ്രാകാരത്തിൽ രണ്ടുപകരണങ്ങളാണുള്ളത് 1. യാഗപീഠം 2. താമ്രതൊട്ടി. ആരാധകരുടെ യാഗവസ്തുക്കൾ അർപ്പിക്കുന്നതിനും താമ്രതൊട്ടിയിലെ ജലം പുരോഹിതന്മാരുടെ ശരീരശുദ്ധി വരുത്തുന്നതിനും ആയിരുന്നു.

## രണ്ടാംഭാഗം വിശുദ്ധസ്ഥലം

വിശുദ്ധസ്ഥലം, അതിവിശുദ്ധസ്ഥലം ഇവയാണ് സമാഗമന കൂടാരത്തിലെ വളരെ പ്രാധാനപ്പെട്ട ഭാഗങ്ങൾ. ഇവയെ പൊതുവെ തിരുനിവാസം എന്നും പറയാറുണ്ട്. അതു സ്വർണ്ണം പൊതിഞ്ഞ പലകകളാൽ പ്രാകാരത്തിൽ നിന്നും വേർതിരിക്കപ്പെട്ടിരിക്കുന്നു. മുകളിലുള്ള വിരിപ്പുകൾ വെയിലും മഴയും മഞ്ഞും ഏല്ക്കാതെ തിരുനിവാസത്തെ സംരക്ഷിക്കുന്നു. പ്രാകാരത്തിൽ നിന്നും വിശുദ്ധസ്ഥലത്തേക്കു കടക്കുന്നതിന് വാതിൽ മറകൾ ഉണ്ട്. വിശുദ്ധസ്ഥലത്ത് ധൂപപീഠം സുഗന്ധധൂപങ്ങൾ അർപ്പിക്കുന്നതിനും കാഴ്ചയപ്പങ്ങളെ വെയ്ക്കുന്നതിനും മേശ ഉപയോഗിക്കുന്നു. ഇവ പൊന്നു കൊണ്ട് പൊതിഞ്ഞതാണ്. ഏഴുകവരങ്ങളുള്ള വിളക്കിൽ എപ്പോഴും ദീപം പ്രകാശിച്ചു കൊണ്ടിരിക്കണം. ഇതു തനി തങ്കനിർമ്മിതമാണ്. ഇവിടെ പുരോഹിതന്മാർ മാത്രമെ കടന്നു ശുശ്രൂഷിക്കയുള്ളൂ. സാധാരണക്കാരന് പ്രവേശനമില്ല.

## മൂന്നാം ഭാഗം അതിവിശുദ്ധസ്ഥലം

ഇത് അതിപ്രധാനമായ സ്ഥലമാണ്. അവിടെ മേശയുടെ ആകൃതിയിൽ ഒരു പെട്ടിയും അതിൽ സ്വർണ്ണ നിർമ്മിതമായ രണ്ടു കെരുബുകളും(മാലാഖമാർ) ശിൽപ്പം ചെയ്തിരിക്കുന്നു. അടപ്പും കെരൂബുകളും ചേർന്ന ഭാഗത്തിന് കൃപാസനം എന്നു പറയുന്നു. ദൈവസാന്നിദ്ധ്യ

to the priests. Two instruments are there in the courtyard. 1. Altar and 2. Bronze Basin. The altar is for offering the sacrifices and the water in the bronze basin is for the physical cleansing of the priest.

## The second part: Holy Place

Holy place and the Most Holy place are the important sections in the tabernacle. Generally, it is known as the dwelling place. This is separated from the courtyard by the wooden frames covered with gold. The top coverings of the tabernacle keeps it protected from the rain, snow and sun. There are curtains to enter into the holy place from the courtyard. The altar of incense for offering aromatic incense and the table in used for keeping the shew bread. There are covered with gold. The light has to be burned in the seven branched lampstand. This is fully made of gold. Only the priests enter here for ministry. The people have no permission to enter here.

## The third part: Most Holy Place

This is the most important place. Here in a box in the shape of a table, there are two golden cherubs crafted in gold. The place joining the lid and the cherubs is known as the mercy seat. The glory of God's presence will always be upon the mercy seat like a pillar of cloud. Only high priest can enter into the most holy place, once a year. We who live in the New Testament period do not need a tabernacle to worship. That tent in the shadow of Christ. God dwells in us. Let us prepare to submit to Him.

ത്തിന്റെ തേജസ്സ് ഈ കൃപാസനത്തിൽ എപ്പോഴും മേഘത്തൂൺ പോലെ പതിച്ചു കൊണ്ടിരിക്കും. അതി പരിശുദ്ധസ്ഥലത്ത് മഹാ പുരോഹിതൻ മാത്രമെ പ്രവേശിക്കയുള്ളൂ. അതും ആണ്ടിൽ ഒരിക്കൽ മാത്രം. പുതിയനിയ മ കാലത്ത് ജീവിക്കുന്ന നമുക്ക് ആരാധനയ്ക്ക സമാഗമന കൂടാരം ആവശ്യമില്ല. ആ കൂടാരം ക്രിസ്തുവിന്റെ നിഴലാണ്. അത് ഓരോ വിശ്വാസിക്കും നിഴലാണ്.ദൈവം നമ്മിൽ വസിക്കുന്നു. അതിനായി ഒരുക്കി സമർപ്പിക്കാം.

നിങ്ങൾക്ക് കുറിപ്പ് എഴുതാനുള്ള സ്ഥലം / *Write your notes here*

## പ്രവൃത്തി പരിചയം / WORK EXPERIENCE

### I. വിദ്യാർഥികളുമായി ചർച്ച ചെയ്യുക. Discuss with the students

1. സമാഗമന കൂടാരം എന്നാൽ എന്ത്?
What is the Tabernacle ?

______________________________

______________________________

2 സമാഗമനകൂടാരത്തിന്റെ പ്രധാനഭാഗങ്ങൾ ഏവ?
What are the important sections of the Tabernacle ?

______________________________

______________________________

3. സമാഗമനകൂടാരത്തിന്റെ ഓരോഭാഗങ്ങളിലുമുള്ള ഉപകരണങ്ങൾ ?
What are the instruments in each section of the Tabernacle ?

______________________________

______________________________

4. സാധാരണ ജനങ്ങൾക്ക് പ്രവേശനം അനുവദിച്ചിരുന്ന സ്ഥലം ഏത്?
Which is the place for the common people to enter ?

______________________________

______________________________

5. സമാഗമനകൂടാരത്തിൽ ദൈവസാന്നിദ്ധ്യം ഉണ്ടന്നെങ്ങനെ ഗ്രഹിക്കാം?
How can we understand the presence of the God in the Tabernacle ?

______________________________

______________________________

**II** സമാഗമനകൂടാരത്തിലെ ഉപകരണങ്ങളുടെ ചിത്രം വരച്ച് നിറം കൊടുക്കുക.
Draw the various instruments in the Tabernacle and colour them.

യാഗപീഠം / Altar

താമ്രത്തൊട്ടി / Brazen basin

ധൂപപീഠം / Altar of incense

കാഴ്ചയപ്പത്തിന്റെ മേശ / The table of shew bread

കവരവിളക്ക് / Lampstand

കൃപാസനം / Mercy seat